പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3251 — 29/01/2014-ലെ മറുപടിക്ക്

# ക്ഷീരകർഷകർക്കുള്ള നഷ്ടപരിഹാരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) കുളമ്പുരോഗം മൂലം പാലിൽ നിന്നുള്ള വരുമാനം നഷ്ടപ്പെട്ട ക്ഷീരകർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുമോ ; മൃഗങ്ങൾക്ക് ആവശ്യമായ മരുന്നുകൾ ക്ഷീരസംഘങ്ങൾ വഴി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ; | (എ) കുളമ്പുരോഗം മൂലം പശുക്കൾ നഷ്ടപ്പെട്ട ക്ഷീരകർഷകർക്ക് ക്ഷീരവികസന വകുപ്പ് മുഖേന പശുവൊന്നിന് 10,000/- രൂപയും മൃഗസംരക്ഷണവകുപ്പ് മുഖേന 20,000/- രൂപ നിരക്കിലും സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ക്ഷീര സഹകരണ സംഘങ്ങളുടെ ബൈലാ പ്രകാരം കന്നുകാലി വികസന നിധി, ദാനനിധി, സഹകരണ പ്രചരണ നിധി, എന്നീ ഉപചട്ടങ്ങൾ തയ്യാറാക്കി രജിസ്ട്രാറിൽ നിന്നും അംഗീകാരം വാങ്ങി സംഘങ്ങളിൽ നിന്നും വിവിധ ആവശ്യങ്ങൾക്ക് അതിലേക്കായി മാറ്റി വച്ചിരിക്കുന്ന തുക പല സംഘങ്ങളും കുളമ്പുരോഗം പോലെയുള്ള പകർച്ച വ്യാധികൾ ഉണ്ടാകുന്ന സമയത്ത് കർഷകർക്ക് സഹായം നല്കുന്നത് സംബന്ധിച്ച് ഉപചട്ടത്തിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തി സഹായം നൽകിവരുന്നുണ്ട്. കൂടാതെ മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ, സംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകരുടെ കുളമ്പുരോഗം മൂലം ചത്തുപോയ പശുക്കൾക്ക് 10,000/- രൂപയും കിടാരിക്ക് 2000/- രൂപ വീതവും കന്നുകുട്ടിക്ക് 1000/- രൂപ വീതവും നൽകി വരുന്നു. എറണാകുളം മേഖലാ യൂണിയനിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ക്ഷീര സഹകരണ സംഘങ്ങളിൽ പാലളക്കുന്ന കറവ പശു കുളമ്പുരോഗം മൂലം ചത്തുപോയാൽ 10000/- രൂപവീതം നൽകിവരുന്നു. മലബാർ മേഖലാ |

| | | | |
|---|---|---|---|
| | | | യൂണിയനിൽ പശുവൊന്നിന് 5000/- രൂപ വീതം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മലബാർ യൂണിയൻ ചികിൽസാ ചിലവിനത്തിൽ പരമാവധി 2000/- രൂപ വരെ വെറ്ററിനറി മെഡിക്കൽ റീഇംബേഴ്സ്മെന്റ് പദ്ധതിയിലൂടെ നല്കിവരുന്നു. |
| (ബി) | സഹകരണ സംഘങ്ങൾ വഴി പാൽ നൽകിയാൽ മാത്രമേ നഷ്ടപരിഹാരം ലഭ്യമാകൂയെന്ന നിബന്ധന നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ ? | (ബി) | സംഘങ്ങളിൽ പാൽ നല്കുന്നവർക്ക് മാത്രം നഷ്ടപരിഹാരം എന്ന നിബന്ധന സർക്കാർ നൽകുന്ന ധനസഹായത്തിന് ബാധകമാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.